Santhigiri

# ഉമ്മിണിതങ്കം

VOL 02 | ISSUE 44 | 2016 സെപ്റ്റംബർ 11 | 1192 ചിങ്ങം 26

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"അധികാരമില്ലാതെ പ്രവർത്തിച്ച് ത്യാഗംകൊണ്ട് പിടിച്ചുപറ്റുക. ആ ത്യാഗമാണ് നിങ്ങളെ രക്ഷിക്കുന്നത്. സത്യമായിട്ട് ജീവിച്ചു ശീലിക്കുക എന്നാണ് ത്യാഗത്തിന്റെ അർത്ഥം."



# നവതി നവപൂജിതം പ്രാർത്ഥനാഭരിതം

## നവതി ആഘോഷപരിപാടികൾ 2017 സെപ്റ്റംബർ 20 വരെ തുടരും

**സ്പിരിചൽ സോൺ :** പ്രാർത്ഥനയുടെ പൂർണ്ണതയിൽ ഗുരുവിന്റെ നവതി നവപൂജിതത്തിന് ധന്യതയാർന്നു. ചരിത്രത്തിൽ ഇടം നേടുംവിധം വിപുലമായ ആഘോഷപരിപാടികളുമായിട്ടാണ് ഗുരുവിന്റെ നവതി കൊണ്ടാടിയത്. ഉപരാഷ്ട്രപതി ഡോ. ഹമീദ് അൻസാരി ഉദ്ഘാടനം ചെയ്ത ആഘോഷ പരിപാടികളിൽ പത്മശ്രീ മമ്മൂട്ടിക്ക് നവതി പുരസ്കാരദാനം, വിവിധ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക ആത്മീയ നേതാക്കൾ പങ്കെടുത്ത പൊതുസമ്മേളനങ്ങൾ, 90 വിശിഷ്ട വ്യക്തിത്വങ്ങളെ ആദരിക്കൽ, ആശ്രമത്തിന്റെ സഹായവിതരണ പദ്ധതികളായ കാരുണ്യം ധനസഹായ വിതരണം, വാസശ്രീ ഗൃഹനിർമാണ സഹായം, ഹരിതശ്രീ ജൈവകൃഷി പ്രോത്സാഹനം, ആശ്രയം തുടങ്ങിയവയുടെ ഉദ്ഘാടനം എന്നിവ ഏറെ ശ്രദ്ധേയമായി.

ആഗസ്റ്റ് 30 ന് ഉച്ചയ്ക്ക് 11 മണിക്ക് ആണ് ഡോ. മുഹമ്മദ് ഹമീദ് അൻസാരി ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തത്. ആത്മീയകേന്ദ്രങ്ങൾ സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും വേദികളായി മാറണമെന്നും മതാതീത ആത്മീയതയുടെ കേന്ദ്രമായ ശാന്തിഗിരി ആശ്രമം ഇക്കാര്യത്തിൽ മാതൃകയാണെന്നും ഉപരാഷ്ട്രപതി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഗവർണർ പി. സദാശിവം അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, രാജ്യസഭ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി ജെ കുര്യൻ, വനം വകുപ്പ് മന്ത്രി കെ രാജു, ഡോ. എ. സമ്പത്ത് എംപി, സി. ദിവാകരൻ എം എൽഎ, കോലിയക്കോട് എൻ കൃഷ്ണൻനായർ, പത്മഭൂഷൺ ബിന്ദേശ്വർ പഥക് തുടങ്ങിയവർ പങ്കെടുത്തു.

സെപ്റ്റംബർ നാലിന് നടന്ന സമ്മേളനം കേന്ദ്രമന്ത്രി രാജീവ് പ്രതാപ് റൂഡി ഉദ്ഘാടനം ചെയ്തു. നൈപുണ്യവികസനരംഗത്ത് ശാന്തിഗിരി ആശ്രമവുമായി ചേർന്ന് അടുത്ത അഞ്ച് വർഷത്തിനകം അൻപതിനായിരം പേർക്ക് പരിശീലനം നല്കുമെന്ന് കേന്ദ്രമന്ത്രി അറിയിച്ചു. ചടങ്ങിൽ ഒ.വി. വിജയന്റെ 'സമുദ്രത്തിലേക്ക് വഴിതെറ്റിവന്ന പരൽമീൻ' എന്ന പുസ്തകത്തിന്റെ പുന:പ്രകാശനം വി. മുരളീധരൻ നിർവഹിച്ചു. മഹാത്മഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. ബാബു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ് ചടങ്ങിൽ മുഖ്യ അതിഥിയായിരുന്നു. സി.എസ്.ഐ. ബിഷപ്പ് റവ. ഡോ. ധർമ്മരാജ് റസാലം, ശിവഗിരി മഠത്തിലെ സ്വാമിസൂക്ഷ്മാനന്ദ എന്നിവർ ഗുരുസ്മൃതികൾ പങ്കിട്ടു. നവതി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തിലുടനീളമുള്ള 90 വിശിഷ്ട വ്യക്തിത്വങ്ങളെ ആദരിക്കുന്ന ചടങ്ങും നടന്നു. ദീപിക മാനേജിംഗ് ഡയറക്ടർ റവ.ഫാ.മാണി പുതിയിടവും ശാന്തിഗിരി ആശ്രമം ഓപ്പറേഷൻസ് ഹെഡ് സ്വാമി നവകൃപ ജ്ഞാനതപസ്വിയും ആദരിക്കൽ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

സെപ്റ്റംബർ 5 ന് വൈകുന്നേരം നാലു മണിക്ക് നടന്ന സമ്മേളനത്തിൽ വച്ച് ശാന്തിഗിരി നവതി പുരസ്കാരം പത്മശ്രീ ഭരത് മമ്മൂട്ടിക്ക് സമ്മാനിച്ചു. ശ്രീലങ്ക പാർലമെന്റ് സ്പീക്കർ കരു ജയസൂര്യയാണ് പുരസ്കാരം സമ്മാനിച്ചത്. നവതി പുരസ്കാര സമർപ്പണ സമ്മേളനം മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. മമ്മൂട്ടി അഭിനയ പ്രതിഭ മാത്രമല്ല, സാമൂഹ്യ യാഥാർത്ഥ്യങ്ങൾക്കു നേരെ തുറന്നു പിടിച്ച കാഴ്ചയുള്ള വ്യക്തിയാണെന്നും ഗുരുവിന്റെ പേരിൽ ഏർപ്പെടുത്തിയ പ്രഥമ നവതി പുരസ്കാരം സ്വീകരിക്കാൻ മമ്മൂട്ടി യോഗ്യനാണെന്നും ഉമ്മൻ ചാണ്ടി അഭിപ്രായപ്പെട്ടു.

പുരസ്കാരം സ്വീകരിച്ചുകൊണ്ട് സംസാരിച്ച മമ്മൂട്ടി ഗുരുവിന്റെ ഈ നവതി ആഘോഷം ഒരു പക്ഷേ തനിക്കു വേണ്ടി മാത്രം ഗുരു ഒരുക്കിയതാവാമെന്ന് പറഞ്ഞു. താനും ഗുരുവും ഒരേ നാട്ടുകാരും അയൽവാസികളുമായിരുന്നു. പക്ഷേ ഗുരുവിനെക്കുറിച്ച് കേൾക്കുന്നതും അറിയുന്നതും വളരെ വൈകിയാണ്. മറ്റുള്ളവരെ സ്നേഹിക്കുകയാണ് നമ്മുടെ സംസ്കാരം. ഈ സംസ്കാരം ഗുരു തന്നെയും പഠിപ്പിച്ചു. ജീവിതത്തിൽ ഒട്ടേറെ പുരസ്കാരങ്ങൾ തനിക്ക് ലഭിച്ചിട്ടുണ്ടെങ്കിലും

*ശേഷം മൂന്നാം പേജിൽ*

## ഓണസദ്യ 14 ന്

**സ്പിരിചൽ സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 14 ന് ഓണസദ്യയൊരുക്കും. ഉച്ചയ്ക്ക് ഒരു മണിക്ക് റിസർച്ച് സോൺ കമ്യൂണിറ്റി ഡൈനിംഗ് ഹാളിൽ നടക്കുന്ന ചടങ്ങിൽ ആത്മബന്ധുക്കൾക്കൊപ്പം ഓണസദ്യ ഉണ്ണുവാൻ അഭിവന്ദ്യ ശിഷ്യപൂജിത എത്തുന്നതാണ്. ഓണസദ്യയ്ക്കുള്ള ഭക്ഷണം പാചകം ചെയ്യുന്നതും ഗൃഹസ്ഥാശ്രമസംഘത്തിന്റെ നേതൃത്വത്തിലായിരിക്കും. പ്രവർത്തകരെല്ലാം ഈ പരിപാടിയോട് സർവാത്മനാ സഹകരിക്കണമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു.

## 90 വിശിഷ്ട വ്യക്തികൾക്ക് ആദരം

**റിസർച്ച് സോൺ:** ഗുരുവിന്റെ നവതി ദിനത്തിൽ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 90 വിശിഷ്ട വ്യക്തികളെ ശാന്തിഗിരി ആശ്രമം ആദരിച്ചു. നവപൂജിതം സമ്മേളനത്തിൽ വച്ച് ആശ്രമത്തിന്റെ ഉപഹാരം സമ്മാനിക്കുകയും പൊന്നാട അണിയിക്കുകയും ചെയ്തു. കെ. ചന്ദ്രിക, മധുപാൽ, ആർ. എസ്. വിമൽ, ഡോ. ഷാജി പ്രഭാകരൻ, കൈതപ്രം വിശ്വനാഥൻ, കാർട്ടൂണിസ്റ്റ് സുകുമാർ, ചെറുവയൽ രാമൻ, ശോഭീന്ദ്രൻ മാഷ് തുടങ്ങി 90 പേരാണ് ആശ്രമത്തിന്റെ ആദരം ഏറ്റുവാങ്ങിയത്.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

**കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്**

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

## ഗുരുവാണി

കാലത്തിനൊത്ത ഒരു ജീവിതം നമുക്ക് നയിക്കാൻ കഴിഞ്ഞിട്ടില്ല. കലിയുഗത്തിൽ ത്രേതായുഗത്തിന്റെ കർമം ചെയ്യണമെന്നില്ല. ദ്വാപരത്തിന്റെ കർമവുമല്ല. കലിക്കൊരു ധർമമില്ലേ? ഓരോ യുഗത്തിനും ഓരോ ധർമമുണ്ടെങ്കിൽ ഈ കലിയുടേതായ ഒരു ധർമമില്ലേ? ഉണ്ടെങ്കിൽ ഈ കലിയിൽ എന്തു ചെയ്യണം? കലിധർമമെന്ത്? ഇത് പാകപ്പിഴ. വേറൊന്ന്, അന്നത്തെ രാജഭരണവും അന്നത്തെ വൈദികമഠവും നമ്മെ അക്ഷരങ്ങൾവരെ തരാതെ ദൂരെ നിർത്തി. അതോടുകൂടി നമ്മൾ അറിവില്ലാത്തവരും അറിവോടുകൂടി കർമം ചെയ്യാനുള്ള ധർമമില്ലാത്തവരുമായി മാറി. അപ്പോൾ ഇവൻ എന്തു ചെയ്യും? 'തമ്പുരാന്റെ ചോറും അടിയന്റെ പുറവും' – ഇങ്ങനെ ജീവിച്ചതിന്റെ പേരിൽ സ്വാതന്ത്ര്യമെന്നൊന്ന് നേരിട്ടു കണ്ടിട്ടില്ല.

അങ്ങനെ വിദ്യയില്ല, ധനമില്ല, പ്രഭുത്വമില്ല. ക്രമം കൊണ്ട് ജീവിച്ച പുണ്യമില്ല. പിന്നെ ഈശ്വരഭജനയ്ക്കു പകരം വല്ല കാടിനെയും മൂടിനെയും പിടിച്ച് തുള്ളി. അതുകഴിഞ്ഞ് വൈദികന്മാർ കാണിച്ച ക്ഷേത്രസമ്പ്രദായത്തിൽ, ത്രിമൂർത്തിസമ്പ്രദായത്തിൽ, ഏറ്റവും ഹീനമായ ഭദ്രകാളീക്ഷേത്രം മുതൽ ഇങ്ങോട്ട്, മാടൻ, മറുത, മന്ത്രമൂർത്തി, യന്ത്രമൂർത്തിവച്ച് വെറും അലങ്കോലത്തിന്റെ പുറത്ത് പൂജചെയ്ത്, ഇതിൽ പിടിച്ചു കെട്ടി നിൽക്കുന്ന ഒരു ജീവിതക്രമം അല്ലേ? ഇത് ഈശ്വരഭജനയായിട്ട് നിങ്ങൾ എങ്ങനെ കണക്കാക്കും? ഇതു രണ്ടും പിശകാണ്.

ഇതിൽനിന്നു നമ്മൾ എങ്ങനെ മാറണം? ഈ രണ്ടു പിശകിൽ നിന്ന് നിങ്ങൾക്കു മറ്റു രണ്ടു കാര്യങ്ങളാണ് സംഭവിച്ചിരിക്കുന്നത്. ഒന്ന്, ജനനം കൊണ്ടു പുണ്യമില്ലാതായി. അഥവാ പുണ്യമുണ്ടെങ്കിൽ നിങ്ങളുടെ വകയായി സൂക്ഷിക്കാനറിഞ്ഞുകൂടാത്ത ഒരു ഗതികേടായിട്ടും വന്നു. അപ്പോൾ ആ വഴിക്കും നിങ്ങൾ തകർന്നു. പുണ്യമുണ്ടെങ്കിൽ വീടിനും നാടിനും രാജ്യത്തിനും സൂക്ഷിപ്പായ ഒരു ജീവിതം അവനിൽനിന്നു കിട്ടണം. അതോടൊപ്പം ഈ രാജ്യതന്ത്രജ്ഞത കാണിച്ചു കൂട്ടിയ അറിവില്ലായ്മയിൽ ആർക്കും സ്വാതന്ത്ര്യമില്ലാതെ വന്നു. ഈ നിലയിൽ നിങ്ങൾക്ക് ആ ഭാഗം നഷ്ടപ്പെട്ടിരിക്കുന്നു.

പിന്നെ, എന്തു കൊണ്ടു നേടണമെന്ന് നിങ്ങളല്ലേ അറിയേണ്ടത്? അതിന് അനവധി മഹാത്മാക്കൾ നിങ്ങളോട് പറഞ്ഞു. പക്ഷേ നിങ്ങൾ അത് എടുത്തിട്ടില്ല. ബുദ്ധൻ, പറച്ചി പെറ്റപന്തിരുകുലം, പതിനെട്ടു സിദ്ധന്മാർ– ഇങ്ങനെ പറഞ്ഞാണ് നമ്മുടെ ഇടയിൽ പോയിരിക്കുന്നത്. പക്ഷേ ഇപ്പോൾ രണ്ടു വർഗങ്ങളേ ഈ ശൂദ്രവർഗത്തിൽ നിന്ന് മാറിയിട്ട് അൽപം മുന്നിൽ വന്നിട്ടുള്ളൂ. മുന്നിൽ വന്നെങ്കിലും ഇവരുടെ സംസ്കാരം വളരെ ചീത്തയാണ്.

# യഥാർത്ഥ ഭക്തന്റെ കടപ്പാട്

ഗുരുശിഷ്യബന്ധവും അതിൽ വരുന്ന വിപത്തുകളും അല്ലെങ്കിൽ സാത്വികസ്വഭാവങ്ങളും എങ്ങനെ ഞാൻ ഈ ശരീരവും മനസ്സും കൊണ്ട് അനുഭവിച്ചു തീർക്കും എന്നൊരു നിശ്ചയദാർഢ്യം നമുക്കുണ്ടാകണം. അതാണ് യഥാർത്ഥ ഭക്തന്റെ കടപ്പാടും കടമയും. അതാണ് യേശു പറഞ്ഞ 'അന്വേഷിപ്പിൻ കണ്ടെത്തും മുട്ടുവിൻ തുറക്കപ്പെടും' എന്ന ഭാഗവും ശ്രീനാരായണഗുരു 'കാരുണ്യവാനായ മുത്തു രത്നമോ' എന്നു ചോദിക്കുന്ന ഭാഗവും ഇതൊക്കെ തന്നെയാണ്. 'ഉടലോടുപോയൊരാ പരമേശന്റെ പരാർത്ഥ്യഭക്തനോ' എന്നു പറയുന്ന ഭാഗത്തിൽ ഏത് ഭാഗത്താണ് തന്റെ ഭക്തൻ നില്ക്കുന്നത് അല്ലെങ്കിൽ തന്റെ ഭക്തന് അതൊക്കെ കഴിയും എന്നു ചിന്തിക്കുന്ന ഭാഗമാണ്. ഇതെല്ലാം തന്റെ അനുഭവത്തിൽ വന്നിട്ട് ഗുരു ആരെന്നു വെളിപ്പെടുത്തേണ്ട ഭാഗമാണ്. അതാണ് സകലതിലും സകലതുമായി നില്ക്കുന്ന ആ പ്രകാശരൂപം. അതാതിന്റെ യോഗ്യതയിൽ നില്ക്കുന്ന ആ പ്രകാശരൂപം അതാതിന്റെ യോഗ്യതയിൽ നിന്നിട്ട് എല്ലാറ്റിന്റെയും പൂർണമായ സ്വഭാവത്തിലേക്കു പോയി, എല്ലാറ്റിന്റേയും പൂർണമിദമായി പ്രവർത്തിച്ച് വീണ്ടും എല്ലാറ്റിലും കലർന്നു നില്ക്കുന്ന ഒരു സത്യമായിട്ടു വരും. അതാണ് ഞാൻ പറഞ്ഞത് ഗുരു യാതൊരുവിധ കുറവോടും കൂടിയല്ല ഈ കാര്യങ്ങളെല്ലാം ചെയ്തിരിക്കുന്നത്. പക്ഷെ ബാഹ്യമായി ഗുരു അനുഭവിച്ച വേദനയുടെ ഭാഗം നമ്മളെക്കൊണ്ടുള്ള വേദനയായിരുന്നു. കാരണം സമകാലികർ ആ മഹാത്മാവിനെ അതിന്റേതായ തൂക്കത്തിൽ കണ്ടില്ല. പക്ഷെ ആ ബ്രഹ്മപ്രകാശത്തിൽ നിന്നും അറിയിപ്പു കിട്ടിയിട്ടുണ്ട്, "ആർക്കും ജനിച്ച നാടില്ല, നിനക്കതുണ്ട്." ഇങ്ങനെയുള്ള ഓരോ സന്ദർഭവും നം മനസുകൊണ്ട് ഓർമിച്ചിട്ട് തന്റെ ഗുരുവിനെ സ്തുതിക്കാനുള്ള ദിവസമായിട്ടും ആ സ്തുതിക്കുന്നത് എല്ലാവർക്കും സർവമംഗളമായിട്ട് ജീവിതത്തിന്റെ എല്ലാ ശ്രേണികളിലും ആ സുദിനം അങ്ങനെ തന്നെ ആയിത്തീരാനും നമ്മുടെ സങ്കല്പവും കർമവും ഒരുപോലെ വരണം. അതുകൊണ്ട് ഈ കാര്യങ്ങളൊക്കെ ചെയ്യുമ്പോൾ എല്ലാപേരും നല്ലതുപോലെ സൂക്ഷിക്കണം.

*(അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണങ്ങൾ ഉൾപ്പെടുത്തിയ ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ എന്ന ഗ്രന്ഥത്തിൽ നിന്ന്)*

# നവതി ശാന്തിസംഗമം ശ്രദ്ധേയമായി

**സ്പിരിച്വൽ സോൺ :** നവതി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ഒരാഴ്ച നീണ്ടുനിന്ന ശാന്തിസംഗമങ്ങൾ ശ്രദ്ധേയമായി. ആശ്രമത്തിലും പുറത്തുമുള്ള പ്രമുഖ വ്യക്തിത്വങ്ങൾ ഗുരുവിനെക്കുറിച്ചുള്ള ഓർമകൾ പങ്കുവച്ച ശാന്തിസംഗമം ആത്മബന്ധുക്കൾക്ക് നവ്യാനുഭവമായി. ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 5 വരെ വൈകുന്നേരം ഏഴു മണിക്ക് ഗുരുവിന്റെ ഉദ്യാനത്തിലാണ് ശാന്തിസംഗമങ്ങൾ നടന്നത്.

ഓഗസ്റ്റ് 30 ന് നടന്ന ആദ്യ ശാന്തിസംഗമത്തിൽ ഇമാം ഹാഫിസ് പി.എച്ച്. അബ്ദുൽ ഗഫാർ മൗലവി മുഖ്യപ്രഭാഷണം നടത്തി. ദൈവത്തിന്റെ മുഖഭാവം കരുണയാണെന്നും ദൈവവിശ്വാസിയായി മാറുന്നതിന് ഓരോരുത്തരും കരുണയുടെ പ്രവൃത്തികൾ ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.എസ്. സുജാത അദ്ധ്യക്ഷയായിരുന്നു. ശാന്തിഗിരി ആശ്രമം പ്രസിഡന്റ് സർവാദരണീയ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി മഹനീയ സാന്നിധ്യമായി.

രണ്ടാം ദിവസത്തെ ശാന്തിസംഗമത്തിൽ മുല്ലക്കര രത്നാകരൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. ശാന്തിഗിരി അനുഭവങ്ങളുടെ പാഠശാലയാണെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം വിനയത്തോടെ അറിവു നേടി എല്ലാ നന്മകളുടെയും ചാരത്ത് നില്ക്കുന്നതിന് കഴിയണമെന്ന് പറഞ്ഞു. വെമ്പായം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി.എസ്. ചിത്രലേഖ അദ്ധ്യക്ഷയായി. റവ. ഫാ. ജോസ് കിഴക്കേടം, ആർ. സഹീറത്ത് ബീവി, ഡോ. കെ.ആർ.എസ്. നായർ തുടങ്ങിയവർ സംസാരിച്ചു. സ്പിരിച്വൽ സോൺ കോൺഫ്രൻസ് ഹാളിലാണ് രണ്ടാം ദിവസത്തെ ശാന്തിസംഗമം നടന്നത്.

ശാന്തിസംഗമം മൂന്നാം ദിവസം ഗുരുവായൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ. പീതാംബരക്കുറുപ്പ് മുഖ്യപ്രഭാഷണം നടത്തി. ആശ്രമം എല്ലാത്തരം അഹങ്കാരങ്ങളെയും ഭസ്മീകരിക്കുന്ന ഇടമാണെന്ന് അദ്ദേഹം പറഞ്ഞു. വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി. ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനാബ് അബ്ദുൽ ഗഫാർ മൗലവി തുടങ്ങിയവർ സംബന്ധിച്ചു.

നാലാം ദിവസത്തെ ശാന്തിസംഗമത്തിൽ യുവവാഗ്മിയും സാമൂഹികപ്രവർത്തകനുമായ രാഹുൽ ഈശ്വർ മുഖ്യപ്രഭാഷണം നടത്തി. ബഹുസ്വരതയുടെയും സഹിഷ്ണുതയുടെയും സന്ദേശമാണ് നവജ്യോതിശ്രീ കരുണാകരഗുരു ലോകത്തിന് നല്കിയതെന്ന് അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ജനാബ് സെയ്ദ് അലി മൗലവി അൽ ഖാദിരി എം.പി., കോലിയക്കോട് മഹേന്ദ്രൻ, അഡ്വ. രാധാകൃഷ്ണൻ, ടി. രാജേന്ദ്രൻ, പോത്തൻകോട് ബാബു, പി. മുരളീകൃഷ്ണൻ, എം.എ. ഷുക്കൂർ, ബിജു ലാൽ തുടങ്ങിയവർ സംസാരിച്ചു. സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി മഹനീയ സാന്നിധ്യമായിരുന്നു.

അഞ്ചാം ദിവസത്തെ ശാന്തിസംഗമത്തിൽ ഡിവൈഎഫ്ഐ ജില്ലാ പ്രസിഡന്റ് എ.എ. റഹീം മുഖ്യപ്രഭാഷണം നടത്തി. മതത്തെ ശുദ്ധീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ആത്മീയ സ്ഥാപനങ്ങളിൽ രാജ്യത്ത് പ്രഥമസ്ഥാനമാണ് ശാന്തിഗിരിക്കുള്ളതെന്ന് അദ്ദേഹം പറഞ്ഞു. നാനാത്വത്തിൽ ഏകത്വമെന്ന വിശ്വഭാരത ദർശനമാണ് ശാന്തിഗിരി മുന്നോട്ടു വയ്ക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ചടങ്ങിൽ കെ. വിശ്വംഭരൻ അദ്ധ്യക്ഷത വഹിച്ചു. എസ്. ശരണ്യ, ബിജു കൃഷ്ണൻ, ഡോ. ബി. രാജ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

സമാപനദിവസത്തെ ശാന്തിസംഗമം സെപ്റ്റംബർ അഞ്ചിന് മുൻ എം.എൽ.എ. പിരപ്പൻകോട് മുരളി ഉദ്ഘാടനം ചെയ്തു. ജാതിയില്ല എന്ന സന്ദേശം ജീവിതചര്യയാക്കി പ്രവർത്തിച്ചു കാണിച്ചു തന്ന ആചാര്യനായിരുന്നു നവജ്യോതിശ്രീ കരുണാകരഗുരുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ജയ് ഹിന്ദ് ടി.വി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.പി. മോഹനൻ മുഖ്യപ്രഭാഷണം നടത്തി. ഗുരു കേവലമായ അറിവല്ല തീക്ഷ്ണമായ ഒരനുഭവമാണെന്ന് അദ്ദേഹം പറഞ്ഞു. ഡോ. വി. അരുണാചലം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സർവാദരണീയ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി മഹനീയ സാന്നിദ്ധ്യമായിരുന്നു.

## വചനദീപ്തി

ഈശ്വരൻ എല്ലാവരിലും ഉണ്ട്. എന്നാൽ എല്ലാവരും ഈശ്വരനിലല്ല. ഇതാണ് ദുരിതങ്ങൾക്ക് കാരണം

**ശ്രീരാമകൃഷ്ണ പരമഹംസർ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2016 സെപ്റ്റംബർ 11 മുതൽ 17 വരെ*

**ഞായർ** – **പോത്തൻകോട്**
**തിങ്കൾ** – **പാലോട്ടുകോണം**
**ചൊവ്വ** – **ജ്യോതിപുരം**
**ബുധൻ** – **ശാന്തിപുരം**
**വ്യാഴം** – **കരുണപുരം**
**വെള്ളി** – **ശാന്തിഗിരി ജംങ്ഷൻ**
**ശനി** – **ലക്ഷ്മിപുരം**

## യാമപ്രാർത്ഥന

*2016 സെപ്റ്റംബർ 15 വ്യാഴം*

**കരുണപുരം, ശാന്തിപുരം, ജനസേവികപുരം**

## പൗർണമി

*2016 സെപ്റ്റംബർ 16 വെള്ളി*

# നവതി ദിനത്തിൽ ഗുരുമഹിമ പ്രവർത്തകർ 90 വിഭവങ്ങൾ സമർപ്പിച്ചു

**സ്പിരിചൽ സോൺ :** ശാന്തിഗിരി ഗുരുമഹിമയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 6 ന് നവതിദിനത്തിൽ 90 വിഭവങ്ങൾ തയ്യാറാക്കി ഗുരുവിന് സമർപ്പിച്ചു. പരമ്പരാഗതമായിട്ടുള്ള നാടൻ വിഭവങ്ങളായ കണ്ണിമാങ്ങ, ഇഞ്ചി, നാരങ്ങ, കൂൺ, പനീർ,പിണ്ടി, കോവക്ക, ഈന്തപ്പഴം, മിക്സഡ് ഫ്രൂട്ട്സ് അച്ചാർ എന്നിങ്ങനെയുള്ള അച്ചാറുകൾ, പൈനാപ്പിൾ ഉപ്പിലിട്ടത്, തേൻ നെല്ലിക്ക, എണ്ണയിൽ വറുത്തെടുത്തതായ ഏത്തക്കായ, ഉരുളക്കിഴങ്ങ്, ചേന, ചേമ്പ്, ചക്ക, പക്കാവട, മുറുക്ക്, അച്ചപ്പം, കൂടാതെ മധുരവും എരിവും ചേർന്ന പലഹാരങ്ങളായ ഉണ്ണിയപ്പം, ചീഡ, ബെർഫി, മണിബാഗ്, അവൽ വിളയിച്ചത്, ചക്കക്കുരു ഉണ്ട, മുളയരി ഉണ്ട, നെല്ലിക്ക ബിന്ദിയ, കോഴി അഡ, പാലക് പക്കോഡ, കോവ, കാരസേവ, കപ്പലി റോസ്റ്റ് എന്നിങ്ങനെ 90 ഇനം വിഭവങ്ങൾ (90 കിലോഗ്രാം വീതം) ആണ് ഗുരുവിന് സമർപ്പിച്ചത്.

## ഗുരുകാന്തി

**സ്പിരിചൽ സോൺ :** ശാന്തിഗിരി ഗുരുകാന്തിയുടെ ഓണാഘോഷ പരിപാടികൾ നാളെ (സെപ്റ്റംബർ 12, തിങ്കൾ) രാവിലെ 10 മണി മുതൽ 5 മണി വരെ നടക്കും.



## കോഴിക്കോട് ജില്ലയുടെ സമർപ്പണം

**സ്പിരിചൽ സോൺ :** നവതി ദിനത്തിൽ കോഴിക്കോട് ജില്ലയിലെ ആത്മബന്ധുക്കൾ പ്രത്യേക സമർപ്പണം നടത്തി. റിസർച്ച് സോണിൽ നിന്ന് വെള്ളിയിൽ തീർത്ത ഹാരം, കുംഭം, ദീപം എന്നിവയുമായി ഗുരുസന്നിധിയിലേക്ക് നടന്ന ശാന്തിയാത്രയിൽ മലബാറിൽ നിന്നുള്ള നൂറുകണക്കിന് ഗുരുഭക്തർ പ്രാർത്ഥനാപൂർവ്വം പങ്കെടുത്തു.

*(ഒന്നാം പേജിൽനിന്ന് തുടർച്ച)*

ശാന്തിഗിരിയിലെ ഗുരുസന്നിധിയിൽ നിന്നും ലഭിക്കുന്ന ഈ പുരസ്കാരത്തിന് പത്തരമാറ്റിന്റെ പകിട്ടുണ്ടെന്ന് മമ്മൂട്ടി അഭിപ്രായപ്പെട്ടു.

ചടങ്ങിനോടനുബന്ധിച്ച് ശാന്തിഗിരി ആശ്രമം വെബ് സൈറ്റ് പ്രകാശനവും മമ്മൂട്ടി നിർവ്വഹിച്ചു. നവതി പുരസ്കാര സമ്മേളനത്തിൽ ആർത്തിരമ്പിയ സദസിനെയും വേദിയിലെ പ്രമുഖരെയും സാക്ഷിനിർത്തി അദ്ദേഹം തന്റെ അറുപത്തിയഞ്ചാം ജന്മദിനം കേക്ക് മുറിച്ച് ആഘോഷിച്ചു. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, മനുഷ്യാവകാശ കമ്മിഷൻ ചെയർമാൻ ജസ്റ്റിസ് ജെ. ബി. കോശി, ഡോ. വർഗ്ഗീസ് കുര്യൻ, ജനാബ് പാണക്കാട് മുനവറലി ശിഹാബ് തങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

നവതി ദിനത്തിൽ നടന്ന നവപൂജിത സമ്മേളനം ശ്രീലങ്ക പാർലമെന്റ് സ്പീക്കർ കരു ജയസൂര്യ ഉദ്ഘാടനം ചെയ്തു. ലോകത്തിന് ശാന്തിയുടെ സന്ദേശങ്ങൾ പകരുന്ന ശാന്തിഗിരി ആശ്രമം സമുന്നതമായ ഒരു സ്ഥാപനമാണെന്ന് അദ്ദേഹം പറഞ്ഞു. ഗുരുവിന്റെ കുടുംബമാണ് ശാന്തിഗിരി. ഈ മണ്ണിൽ നിന്നും സമാധാനത്തിന്റെ പുതിയ സമവായങ്ങൾ ലോകം പ്രതീക്ഷിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. ശാന്തിഗിരി എല്ലാവർക്കും വരാൻ പറ്റുന്ന ഒരു ആത്മീയ കേന്ദ്രമാണെന്നും ഈ ബഹുസ്വരത ശാന്തിഗിരിക്ക് മാത്രമേ അവകാശപ്പെടുവാൻ കഴിയൂവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ആഘോഷങ്ങളോടനുബന്ധിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തൊണ്ണൂറ് ആളുകൾക്ക് വീട് നിർമ്മിച്ച് നൽകുന്ന ശാന്തിഗിരി വാസശ്രീ പദ്ധതിയുടെ ഉദ്ഘാടനം ഭക്ഷ്യവകുപ്പ് മന്ത്രി പി. തിലോത്തമൻ നിർവ്വഹിച്ചു. പണി പൂർത്തിയാക്കിയ ആദ്യവീടിന്റെ താക്കോൽ കരിക്കകത്ത് സത്യവ്രതൻ മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി.

നവപൂജിതം സുവനീർ പ്രകാശനം ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ നിർവ്വഹിച്ചു. നമ്മുടെ രാജ്യത്തുണ്ടായിട്ടുള്ള അധിനിവേശങ്ങളെ അതിജീവിക്കാൻ സഹായിച്ചിട്ടുള്ളത് ഗുരുക്കന്മാരാണെന്നും ഗുരു വലിയൊരു സാമൂഹ്യബോധം നമ്മളിൽ സൃഷ്ടിച്ചിട്ടുണ്ടെന്നും അദ്ദേഹം അനുസ്മരിച്ചു.

ചടങ്ങിൽ വിഷരഹിത ജൈവകൃഷി സംസ്ക്കാരം വിദ്യാർത്ഥികളിൽ വളർത്തുന്നതിനുവേണ്ടി ശാന്തിഗിരി ആവിഷ്ക്കരിച്ചിരിക്കുന്ന ഹരിതശ്രീ പദ്ധതിയുടെ ഉദ്ഘാടനം മാതാ അമൃതാനന്ദമയി മഠം വൈസ് ചെയർമാൻ സ്വാമി അമൃതസ്വരൂപാനന്ദപുരി നിർവ്വഹിച്ചു. ഗവൺമെന്റ് മെഡിക്കൽ കോളേജ് എച്ച്.എസ്.എസിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് സ്വാമിയിൽ നിന്നും ജൈവ പച്ചക്കറി തൈകൾ ഏറ്റുവാങ്ങി.

സി.പി.ഐ. കേന്ദ്രകമ്മിറ്റി അംഗം പന്ന്യൻ രവീന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ ചെയർമാനും മാതൃഭൂമി മാനേജിംഗ് എഡിറ്ററുമായ പി.വി. ചന്ദ്രനെ സമ്മേളനം ആദരിച്ചു. ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, മലങ്കര ഓർത്തഡോക്സ് സഭ മെത്രോപ്പോലീത്ത ഡോ. ഗബ്രിയേൽ മാർ ഗ്രിഗ്രോറിയോസ്, കേരള മുസ്ലീം ജമാഅത്ത് ഫെഡറേഷൻ പ്രസിഡന്റ് ജനാബ് കടയ്ക്കൽ അബ്ദുൾ അസീസ് മൗലവി എന്നിവർ നവപൂജിതം സ്മൃതികൾ പങ്കിട്ടു.

സിനിമാതാരം മനോജ് കെ. ജയന് ശാന്തിഗിരി നവപൂജിതം ഉപഹാരം നല്കി. മംഗളം മാനേജിംഗ് ഡയറക്ടർ സാജൻ വർഗീസ്, ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവർ ചടങ്ങിൽ മഹനീയ സാന്നിദ്ധ്യം വഹിച്ചു.

ശാന്തിഗിരി ആശ്രമം ഡയറക്ടർ സ്വാമി നവനന്മ ജ്ഞാനതപസ്വി സ്വാഗതവും, ശാന്തിഗിരി കന്യാകുമാരി ആശ്രമം ഹെഡ് സ്വാമി സ്നേഹാത്മ ജ്ഞാതപസ്വി കൃതജ്ഞതയും രേഖപ്പെടുത്തി.

ഉച്ചതിരിഞ്ഞ് നടന്ന സമ്മേളനത്തിൽ കാവ്യോപാസനയിൽ അൻപത് വർഷം പൂർത്തിയാക്കിയ ഒ.വി. ഉഷയെയും ഭാവഗാനാലാപത്തിൽ മുപ്പത് വർഷം പൂർത്തിയാക്കിയ ജി. വേണുഗോപാലിനെയും ആദരിച്ചു. അനുമോദന സമ്മേളനത്തിൽ സി. ദിവാകരൻ എം.എൽ.എ. മുൻ ഡെപ്യൂട്ടി സ്പീക്കർ പാലോട് രവി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു തുടങ്ങിയവർ സംബന്ധിച്ചു. സാഹിത്യ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ പ്രതിഭകളെ ബി.ജെ.പി. ദേശീയ നിർവ്വാഹക സമിതി അംഗം പി.കെ. കൃഷ്ണദാസും ശാന്തിഗിരി സന്ന്യാസി സംഘവും ചേർന്ന് ആദരിച്ചു. ചടങ്ങിൽ ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. വീട് കത്തിനശിച്ച മാണിക്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീമതി പുഷ്പലതയ്ക്ക് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ വാസശ്രീ പദ്ധതിയുടെ ഭാഗമായുള്ള ധനസഹായവും നല്കുകയുണ്ടായി.

ഗുരുവിന്റെ തൊണ്ണൂറാമത് ജയന്തി ആഘോഷങ്ങളിൽ പങ്കെടുത്ത് ധന്യത നേടുന്നതിനായി ആയിരങ്ങളാണ് ആശ്രമത്തിലേക്ക് ഒഴുകിയെത്തിയത്. ഗുരുവിന്റെ നവതി ആഘോഷങ്ങൾ എല്ലാവരും ചേർന്നു പൂർത്തിയാക്കി ഗുരുവിന് സമർപ്പിക്കണമെന്ന ആഗ്രഹത്തോടെ ഗുരുഭക്തർ ഓരോരുത്തരും നിശബ്ദ പ്രാർത്ഥനയോടെ ഓരോ കർമ്മങ്ങളും ചെയ്തുപൂർത്തിയാക്കുകയായിരുന്നു. ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം, മാതൃമണ്ഡലം, ശാന്തിമഹിമ, ഗുരുമഹിമ തുടങ്ങിയ ആശ്രമസംഘടനകളുടെ നേതൃത്വത്തിൽ പരിപാടികൾ പൂർവ്വാധികം ഭംഗിയാക്കാനുള്ള പരിശ്രമങ്ങൾ ആണ് നടത്തിയത്. എല്ലാക്കാര്യങ്ങളും പ്രാർത്ഥനാപൂർവ്വമായ മേൽനോട്ടം വഹിച്ചുകൊണ്ട് ഗുരുധർമ്മപ്രകാശസഭയിലെ ആദരണീയ സന്ന്യാസി സന്ന്യാസിനിമാർ രംഗത്തുണ്ടായിരുന്നത് ഏറെ സഹായകരമായി. നവതി ആഘോഷപരിപാടികളുടെ ആത്മീയവും ഭൗതികവുമായ പ്രധാന്യം മനസിലാക്കിയാണ് ഓരോ ഗുരുഭക്തരും ചടങ്ങുകളിൽ പങ്കെടുത്തത്. ഒരു വർഷം നീണ്ടു നിൽക്കുന്ന നവതി പ്രവർത്തനങ്ങൾ 2017 സെപ്റ്റംബർ മാസം വരെ തുടരുന്നതാണ്.

## ദിവംഗതരായി



രഘുവരൻ വക്കം

വക്കം: സർവാദരണീയ ജനനി അമല ജ്ഞാനതപസ്വിനിയുടെ പിതാവും ആശ്രമം മുൻ സെക്രട്ടറിയുമായ വക്കം മണക്കാട് വിള്ളിച്ചൽ രഘുവരൻ (85) ദിവംഗതനായി. സംസ്കാരം നടന്നു. ദീർഘകാലം അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മറ്റു മക്കൾ: സുരേഷ്, സുഭാഷ്, സുധി.



മേഘ ഷാജി

വെഞ്ഞാറമൂട്: മൂരൂക്കോണം കൃഷ്ണോദയത്തിൽ ഷാജിയുടെ മകൾ മേഘ (17) ദിവംഗതയായി. സംസ്കാരം നടന്നു. മഞ്ഞപ്പിത്തത്തെ തുടർന്ന് ചികിത്സയിലായിരുന്നു. ശാന്തിഗിരി വിദ്യാഭവനിലെ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ്. അമ്മ: സന്ധ്യ. സഹോദരൻ: മിഥുൻ ഷാജി.

# നവതി ദിനത്തിൽ ആദരമേറ്റുവാങ്ങിയവർ



















മാതൃഭൂമി മാനേജിംങ് എഡിറ്റർ പി. വി. ചന്ദ്രനെ ആദരിക്കുന്നു


'കാരുണ്യം' സഹായപദ്ധതിയുടെ ഉദ്ഘാടനം ഡോ.വർഗ്ഗീസ് കുര്യൻ നിർവ്വഹിക്കുന്നു



നവതി കലാഞ്ജലിയിൽ പിന്നണി ഗായിക വൈക്കം വിജയലക്ഷ്മി ഗായത്രീവിണ വായിക്കുന്നു(ഇടത്) രംഗപൂജ (വലത്)


ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ ഓണാഘോഷ പരിപാടിയിൽ നിന്ന്




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala